©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി
# (2021-2023)

## രണ്ടാമത് റിപ്പോർട്ട്
(2021 നവംബർ 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)യുടെ എട്ടാമത് റിപ്പോർട്ടിലെ (കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് ) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനഞ്ചാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി
# (2021-2023)

## രണ്ടാമത് റിപ്പോർട്ട്
(2021 നവംബർ 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)യുടെ എട്ടാമത് റിപ്പോർട്ടിലെ (കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ]**

2015/2021.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| അദ്ധ്യായം I : | റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : | സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം | .. | 2 |
| അദ്ധ്യായം III : | സർക്കാർ മറുപടി ലഭ്യമാക്കാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം | .. | 10 |
| അദ്ധ്യായം IV : | സമിതിയുടെ തുടർശിപാർശകൾ | .. | 11 |
| അനുബന്ധം : | [ജലവിഭവ (ഭൂജല) വകുപ്പ് 19-1-2021-ൽ ലഭ്യമാക്കിയ വ്യവസായ വകുപ്പിന്റെ 26-1-2019-ലെ സ.ഉ.(സാധാ.) നമ്പർ 82/2019/വ്യവ. നമ്പർ സർക്കാർ ഉത്തരവ്] | .. | 12 |

# പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി

# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ഇ. കെ. വിജയൻ.

<u>അംഗങ്ങൾ</u>:

ശ്രീ. പി. കെ. ബഷീർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീമതി യു. പ്രതിഭ

ശ്രീ. സജീവ് ജോസഫ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, അണ്ടർ സെക്രട്ടറി.

## ആമുഖം

സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി പഠിക്കുകയും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് 1992 ജൂലൈ 27-ന് പരിസ്ഥിതി സംബന്ധിച്ച സമിതി രൂപീകരിക്കപ്പെട്ടത്. സമിതിയിൽ ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഒൻപതിൽ കൂടാത്ത അംഗങ്ങളാണ് ഉള്ളത്. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക, മാലിന്യപ്രശ്നങ്ങളുടെ കാര്യത്തിൽ വളരെ പ്രതീക്ഷയോടെയാണ് പൊതുസമൂഹം സമിതിയെ സമീപിക്കുന്നത്.

വിവിധ തരത്തിലുള്ള മലിനീകരണം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ സമിതിയിൽ നിക്ഷിപ്തമായ ചുമതലകളുടെ പരിധിയിൽ വരുന്നപക്ഷം അവ സമിതി പരിഗണിക്കുകയും സർക്കാരിലേക്ക് നടപടി റിപ്പോർട്ടിനായി അയയ്ക്കുകയും ചെയ്യുന്നു. പത്രവാർത്തയിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും ശ്രദ്ധയിൽപ്പെടുന്നതും സമിതിയുടെ അധികാര പരിധിയിൽപ്പെടുന്നതുമായ വിഷയങ്ങളും സമിതി പഠനവിധേയമാക്കുന്നു. നിവേദനങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സമിതി പരിശോധിക്കുകയും പ്രസ്തുത റിപ്പോർട്ട് പരാതി പരിഹരിക്കാൻ ഉതകുന്നതാണെങ്കിൽ ആ വിവരം സമിതിയെ അറിയിക്കണമെന്ന നിർദ്ദേശത്തോടെ ഹർജിക്കാരന് സർക്കാർ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം അയച്ചുകൊടുക്കുകയും ചെയ്യുന്നു.

മലിനീകരണം സംബന്ധിച്ച പരാതി ലഭിച്ചാൽ അത്തരം വ്യവസായ സ്ഥാപനങ്ങളും ഫാക്ടറികളും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും സമിതി അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു. ഏതെങ്കിലും പ്രത്യേക പാരിസ്ഥിതിക പ്രശ്നം സംബന്ധിച്ച് ബഹു. സ്പീക്കറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ സമിതിക്ക് പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കാവുന്നതാണ്. റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിന് ശേഷം റിപ്പോർട്ടിന്റെ പകർപ്പുകൾ സർക്കാരിലേക്ക് അയച്ച് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സമിതി തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കുന്നു. ആയവ സമിതിയോഗം പരിശോധിച്ച് ആക്ഷൻടേക്കൺ റിപ്പോർട്ടുകളായി സഭയിൽ സമർപ്പിക്കുന്നു.

1992-ലെ ആദ്യ സമിതി 1993 ഫെബ്രുവരി 2-ാം തീയതി റിപ്പോർട്ട് സഭയിൽ അവതരിപ്പിച്ചതോടെയാണ് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പണം ആരംഭിക്കുന്നത്. 1992 മുതൽ 2021 വരെയുള്ള കാലയളവിലെ 18 സമിതികൾ ആകെ 127 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. അവയിൽ പകുതിയോളം ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും 5 എണ്ണം ജനറൽ റിപ്പോർട്ടുകളും ബാക്കിയുള്ളവ

സ്പെഷ്യൽ റിപ്പോർട്ടുകളുമാണ്. റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കുന്ന നടപടികൾക്ക് അനുസരിച്ചാണ് റിപ്പോർട്ടിന്റെയും റിപ്പോർട്ടിന് ആസ്പദമായി സമർപ്പിക്കപ്പെട്ട നിവേദനത്തിന്റെയും ഫലപ്രാപ്തി നിർണ്ണയിക്കപ്പെടുന്നത്.

പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)യുടെ 8-ാമത് റിപ്പോർട്ട് (കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം സംബന്ധിച്ച് ) 2-2-2018-ൽ കൂടിയ സമിതിയോഗം അംഗീകരിച്ച് 6-2-2018-ൽ സഭയിൽ സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2021 നവംബർ മാസം 3-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

**ഇ. കെ. വിജയൻ,**

*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി.*

തിരുവനന്തപുരം,
2021 നവംബർ 3.

## റിപ്പോർട്ട്

### അദ്ധ്യായം I

പതിനാലാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)യുടെ എട്ടാമത് റിപ്പോർട്ട് (കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 2018 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പരിസ്ഥിതിക്കും ജീവജാലങ്ങളുടെ നിലനിൽപ്പിനും ഭീഷണി സൃഷ്ടിക്കാതെയും അവയുടെ സംരക്ഷണത്തിന് സഹായകരമായും വ്യവസായരംഗത്തെ വികസനപ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ ഉതകുന്നതാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ട 11 ശിപാർശകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

2. റിപ്പോർട്ടിലൂടെ സമിതി നൽകിയ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 2018 മാർച്ച് 24-ന് ജലവിഭവം, റവന്യൂ, വ്യവസായം, കാർഷിക വികസന കർഷകക്ഷേമം, മത്സ്യബന്ധന-തുറമുഖം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ 2-ാം നമ്പർ ശിപാർശയിന്മേൽ മത്സ്യബന്ധന തുറമുഖ (ബി) വകുപ്പും 7-ാം നമ്പർ ശിപാർശയിന്മേൽ ജലവിഭവ വകുപ്പും 11-ാം നമ്പർ ശിപാർശയിന്മേൽ വ്യവസായ വകുപ്പും റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. എന്നാൽ 2-ാം നമ്പർ ശിപാർശയിൻമേൽ വ്യവസായ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചിട്ടുണ്ട്. ജലവിഭവ (ഭൂജല), റവന്യൂ (പി), കാർഷിക വികസന കർഷകക്ഷേമം, വ്യവസായ (ജെ) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതിയുടെ വിവിധ യോഗങ്ങളിൽ പരിഗണിക്കുകയും 1-ാം നമ്പർ ശിപാർശയിന്മേൽ ജലവിഭവ (ഭൂജല) വകുപ്പിനോടും 3, 9 എന്നീ ശിപാർശകളിന്മേൽ വ്യവസായ വകുപ്പിനോടും അധികവിവര റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും, മറ്റു ശിപാർശകളിൽമേൽ ലഭ്യമായ റിപ്പോർട്ടുകൾ അംഗീകരിക്കുകയും ആയവ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു. 19-1-2021-ൽ ജലവിഭവ (ഭൂജല) വകുപ്പ് ലഭ്യമാക്കിയ അധികവിവര റിപ്പോർട്ടിൽ 'ഉള്ളടക്കം ചെയ്തിട്ടുണ്ട് ' എന്ന് പരാമർശിക്കുന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

3. റിപ്പോർട്ടിലെ ശിപാർശകൾ, അവയിന്മേൽ സർക്കാർ സമർപ്പിച്ചതും സമിതി പരിഗണിച്ചതും തീരുമാനമെടുത്തതുമായ നടപടി റിപ്പോർട്ടുകൾ എന്നിവ ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായമായി ചേർത്തിരിക്കുന്നു.

4. നടപടി റിപ്പോർട്ട് ലഭ്യമാക്കാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിന്റെ മൂന്നാം അദ്ധ്യായമായും സമിതിയുടെ തുടർശിപാർശകൾ നാലാം അദ്ധ്യായമായും ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

# സമിതിയുടെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശവും

### ശിപാർശ 1

IREL-ന്റെ ഖനനപ്രവർത്തനം നിരീക്ഷിക്കുന്നതിന് ഭൂജലവകുപ്പിന്റെ കീഴിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സർക്കാർ ഉദ്യോഗസ്ഥർ, പരിസ്ഥിതി പ്രവർത്തകർ, ജനപ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ എന്നിവർ ഉൾപ്പെട്ട ഒരു മേൽനോട്ട സമിതിക്ക് രൂപം നൽകണമെന്നും അപ്രകാരം രൂപീകരിക്കപ്പെടുന്ന സമിതി, ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യണമെന്നും വ്യവസ്ഥാ ലംഘനങ്ങൾ സംഭവിക്കുന്ന പക്ഷം ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### a. വ്യവസായ (ജെ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 110/ജെ1/2018/വ്യവ., തീയതി 15-3-2019)

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സർക്കാർ ഉദ്യോഗസ്ഥർ, പരിസ്ഥിതി പ്രവർത്തകർ, ജനപ്രതിനിധികൾ, വിഷയ വിദഗ്ദ്ധർ എന്നിവർ ഉൾപ്പെട്ട ഒരു പ്രാദേശിക മേൽനോട്ട സമിതിയെ 26-1-2019-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 82/19/വ്യവ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. നിയമസഭാ സമിതിയുടെ ഒന്നാം ശിപാർശയനുസരിച്ച് ഖനനം സംബന്ധിച്ച കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യുകയും വ്യവസ്ഥാലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം നിയമപരമായി പരിഹാര നടപടികൾക്ക് ശിപാർശ ചെയ്യുകയും വേണമെന്നും പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.

കൂടാതെ, സർക്കാർ ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനവുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 16-1-2019-ന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും തുടർന്ന് 17-1-2019-ന് ബഹു. വ്യവസായ വകുപ്പുമന്ത്രി സമര സമിതിയുമായും യോഗം ചേരുകയുണ്ടായി. ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം സംബന്ധിച്ച് പഠനം നടത്തുന്നതിന് National Centre for Earth Science Studies (NCESS)-നെ ചുമതലപ്പെടുത്തുകയും NCESS പ്രാഥമിക റിപ്പോർട്ട് സമർപ്പിച്ച്, ആയതിന്മേൽ സർക്കാർ തീരുമാനമെടുക്കുന്നതുവരെ IREL സീ വാഷിംഗ് നിർത്തി വയ്ക്കണമെന്നും തീരുമാനമായി.

(16-9-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## b. ജലവിഭവ (ഭൂജല) വകുപ്പ്

(സർക്കാർ കത്ത് നമ്പർ ഭൂജല 1/212/2018/ജലവിഭവ., തീയതി 16-12-2018)

പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച സമിതി (2016-2019) യുടെ 8-ാമത് റിപ്പോർട്ടിൽ ഉന്നയിച്ചിരിക്കുന്ന വിഷയം കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനപ്രവർത്തനം നിരീക്ഷിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. ഈ വിഷയം ഭൂജല വകുപ്പിന്റെ കീഴിൽ വരുന്ന വിഷയം അല്ല. ഇത് തികച്ചും ജില്ലാ ജിയോളജിസ്റ്റ്, മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ വരുന്ന വിഷയം ആണ്. ആയതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ട മേൽനോട്ട സമിതി രൂപീകരിക്കുന്നതിന് ജില്ലാ ജിയോളജിസ്റ്റ്, മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിക്കാവുന്നതാണെന്ന വിവരം ഭൂജലവകുപ്പ് ഡയറക്ടർ കൊല്ലം ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

(2-5-2019-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം നിരീക്ഷിക്കുന്നതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജനപ്രതിനിധികളും പരിസ്ഥിതി പ്രവർത്തകരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഉൾപ്പെട്ട സമിതി രൂപീകരിച്ചിട്ടുണ്ടോ എന്ന് ജലവിഭവ വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

### ജലവിഭവ (ഭൂജല) വകുപ്പ് ലഭ്യമാക്കിയ അധിക വിവരം

(സർക്കാർ കത്ത് നമ്പർ ഭൂജല 1/212/2018-ജവിവ., തീയതി 19-1-2021)

സർക്കാർ ഉത്തരവ് നമ്പർ 82/2019/വ്യവ., തീയതി 26-1-2019 പ്രകാരം ജില്ല കളക്ടർ ചെയർപേഴ്സൺ ആയും മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ജിയോളജിസ്റ്റ് കൺവീനറായും ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനന പ്രവർത്തനം നിരീക്ഷിക്കുന്നതിനായി പ്രത്യേക മേൽനോട്ട സമിതി രൂപീകരിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടി സമിതിയിൽ ഭൂജല വകുപ്പ് ജില്ലാ ഓഫീസർ അംഗമല്ല എന്ന വിവരം കൂടി അറിയിക്കുന്നു.

(16-9-2021-ലെ സമിതിയോഗം പരിഗണിക്കുകയും വീണ്ടും അധികവിവരം ആരായുകയും ചെയ്തു.)

<u>സമിതി വീണ്ടും ആരാഞ്ഞ അധിക വിവരം</u>

കരിമണൽ ഖനനം നിരീക്ഷിക്കുന്നതിനായി ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ നിയോഗിച്ച സമിതിയിൽ പരിസ്ഥിതി പ്രവർത്തകരെ ഉൾപ്പെടുത്തിയി ട്ടില്ലെന്നതിനാൽ പ്രസ്തുത സമിതിയിൽ വിഷയവിദഗ്ധനായ ഒരു സ്വതന്ത്ര പരിസ്ഥിതി പ്രവർത്തകനെ കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പിനോട് ആരായാൻ തീരുമാനിച്ചു.

<u>ശിപാർശ 2</u>

ആലപ്പാട് മേഖലയിൽ കരിമണൽ ഖനനത്തിന് അനുമതി നൽകിയപ്പോൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നിർദ്ദേശിച്ച എല്ലാ വ്യവസ്ഥകളും ബന്ധപ്പെട്ട കമ്പനികൾ നിർബന്ധമായും പാലിക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകൾ ഇത് കൃത്യമായി നിരീക്ഷിക്കണമെന്നും ഖനനം നടന്ന പ്രദേശങ്ങളിൽ കടലാക്രമണമുണ്ടാകാതിരിക്കാനുള്ള പുലിമുട്ട് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

വ്യവസായ (ജെ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 110/ജെ1/2018/വ്യവ., തീയതി 15-3-2019)

IREL- ന്റെ ഖനനപ്രദേശത്ത് മണൽ ലഭ്യതയുടെ പഠനത്തിനായി National Centre for Earth Science Studies (NCESS)-നെ ചുമതലപ്പെടുത്തുകയും അവരുടെ റിപ്പോർട്ട് പ്രകാരം തീരം സംരക്ഷിക്കാനും കരയിടിച്ചിൽ തടയുന്നതിനായി IREL-ന്റെ ഖനന പ്രദേശം മുഴുവൻ കടൽ ഭിത്തി നിർമ്മിക്കുകയും അവ കൃത്യമായി ഇടവേളകളിൽ ബലപ്പെടുത്തുന്ന നടപടികൾ IREL സ്വീകരിച്ചുവരുന്നുണ്ട്.

(16-9-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ 3</u>

കമ്പനി മണൽ വാരുന്നതനുസരിച്ച് മറ്റ് പ്രദേശത്തെ മണൽതിട്ടകൾ ഇവിടെ വന്നടിയുന്നുണ്ട്. വീണ്ടും അത് കോരിയെടുക്കുന്നത് അശാസ്ത്രീയമാണെന്ന് സമിതി വിലയിരുത്തുന്നു. ഖനന പ്രദേശത്തെ ഭൂവിസ്തൃതി കുറയുന്നതൊഴിവാക്കാൻ സീവാഷിംഗിന് ആറുമാസത്തിൽ കുറയാതെയുള്ള ഇടവേളകൾ നൽകണമെന്നും അതിനനുസരിച്ചുള്ള പുതിയ ഉപാധികൾ വ്യവസ്ഥ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## വ്യവസായ (ജെ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 110/ജെ1/2018/വ്യവ., തീയതി 15-3-2019)

തീരമണൽ ശേഖരണം നടക്കുന്ന സ്ഥലത്ത് ആറ് കോടി രൂപ മുതൽമുടക്കിൽ ഐ.ഐ.റ്റി. മദ്രാസ് രൂപകൽപ്പന ചെയ്ത ആറ് പുലിമുട്ടുകൾ നിർമ്മിച്ചു വരുന്നു. ആലപ്പാട് വില്ലേജിന്റെ 16 കി.മീ. വരുന്ന തീരപ്രദേശം പൂർണ്ണമായും കടൽ ഭിത്തി കെട്ടി ബലപ്പെടുത്തിയിരിക്കുന്നതിനാൽ തീരം സുരക്ഷിതമാണ്. KMML-ന്റെ ഖനനപ്പാട്ട പ്രദേശമുൾപ്പെടെ തീരത്ത് 2.5 കിലോമീറ്റർ നീളത്തിൽ സീവാഷിംഗ് ശേഖരിക്കുന്നതിനായി നിലനിർത്തിയിരിക്കുന്ന ഭാഗത്ത് മാത്രമെ കടൽ ഭിത്തി ഇല്ലാതെയുള്ളൂ. ഇവിടെ ജനവാസവും ഇല്ല. ഈ പ്രദേശത്ത് തീവ്രമായ കടൽ ക്ഷോഭമുള്ള മൺസൂൺ സമയത്ത് കരയിടിച്ചിൽ ഉണ്ടാകുകയും മറ്റു സമയത്ത് മണൽ അടിഞ്ഞു കൂടുകയും ചെയ്യുന്നു. മണൽ വാരിയെടുക്കുന്ന സ്ഥലത്ത് തന്നെ കടൽ വീണ്ടും നിക്ഷേപിക്കുന്ന ഒരു പ്രത്യേകതയും ഇവിടെയുണ്ട്. ആലപ്പാട് പ്രദേശത്ത് കരിമണൽ ഖനനവുമായി ബന്ധപ്പെട്ട് സമീപവാസികൾ ആരോപണമുന്നയിച്ച സാഹചര്യത്തിൽ 16-1-2019-ൽ സർക്കാർ വിളിച്ചു ചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കരിമണൽ ഖനനം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ NCESS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവരുടെ പ്രാഥമിക റിപ്പോർട്ട് പരിശോധിച്ച് സർക്കാർ തീരുമാനമെടുക്കുന്നത് വരെ ആലപ്പാട് പ്രദേശത്ത് ഐ.ആർ.ഇ.എൽ. സീവാഷിംഗ് നടത്തുവാൻ പാടില്ല എന്നും യോഗത്തിൽ തീരുമാനമായി.

(16-9-2021-ലെ സമിതിയോഗം പരിഗണിക്കുകയും വ്യവസായ (ജെ) വകുപ്പിനോട് അധിക വിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

ഖനന പ്രദേശത്തെ ഭൂവിസ്തൃതി കുറയുന്നത് ഒഴിവാക്കാൻ ആറ് മാസത്തെ ഇടവേള നൽകി മാത്രമേ സീവാഷിംഗ് നടത്താവൂ എന്ന് കമ്പനിയുമായി വ്യക്തമായ വ്യവസ്ഥ ഉള്ളതായി പറയാത്തതിനാൽ സമിതി, ആയതിന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും വിശദീകരണം ആരായാൻ തീരുമാനിച്ചു.

<u>ശിപാർശ 4</u>

കമ്പനി ഖനനം പാടെ ഒഴിവാക്കേണ്ടതാണെന്ന അഭിപ്രായം സമിതിക്കില്ല. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കരിമണൽ ഖനനം നടത്തുന്നതിന് പൊതുസമൂഹം എതിരല്ലാത്തതിനാൽ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ജനങ്ങളുടെ ജീവനും സ്വത്തിനും തൊഴിലവസരങ്ങൾക്കും ഹാനിവരാത്ത തരത്തിലുമുള്ള ഖനനം മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## വ്യവസായ (ജെ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 110/ജെ1/2018/വ്യവ., തീയതി 15-3-2019)

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചട്ടങ്ങൾ അനുസരിച്ച് പരിസ്ഥിതിസുരക്ഷ ഉറപ്പുവരുത്തിയാണ് തീരമണൽ ശേഖരിക്കുന്നത്. National Center for Earth Science Studies നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ സ്വത്തിനും തൊഴിലവസരങ്ങൾക്കും ഹാനിവരാതെ ആണ് ശേഖരണം നടക്കുന്നത്. ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകിയാണ് ഐ.ആർ.ഇ.എൽ. അനുമതി വാങ്ങിയിരിക്കുന്നത്. ഇത് ജനപ്രതിനിധികൾ/ഉദ്യോഗസ്ഥർ തുടങ്ങിയ എല്ലാ വിഭാഗങ്ങളുമായി ചർച്ച ചെയ്ത് തയ്യാറാക്കിയ 'പ്രത്യേക പാക്കേജ്' ആണ് നഷ്ടപരിഹാരമായി നൽകുന്നത്. മണൽ എടുത്ത ഭാഗങ്ങളിൽ മണ്ണിട്ട് നികത്തി വരുന്നുണ്ട്. കൂടാതെ, ആരോഗ്യ പരിരക്ഷ, ശുദ്ധജല വിതരണം, വിദ്യാഭ്യാസം, പ്രാദേശിക വികസനം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതാപരമായ സഹായങ്ങൾ ആലപ്പാട് ജനസമൂഹത്തിന് നൽകി വരുന്നു. ഈ ഇനത്തിൽ പ്രതിവർഷം ശരാശരി ഒരു കോടി രൂപ ഐ.ആർ.ഇ.എൽ. ചെലവാക്കിയിട്ടുണ്ട്.

(16-9-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ 5

കരിമണൽ ഖനനം സംബന്ധിച്ച് IREL എന്ന പൊതുമേഖലാ സ്ഥാപനത്തിനെതിരെയുള്ള സമീപവാസികളുടെ പരാതി പരിഹരിക്കുന്നതിനും കമ്പനി നടത്തുന്ന ചട്ടലംഘനങ്ങൾ തിരുത്തി പൊതുസമൂഹത്തിന്റെ എതിർപ്പ് ക്ഷണിച്ചുവരുത്താത്ത രീതിയിലുള്ള പ്രവർത്തന ശൈലി രൂപപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## വ്യവസായ (ജെ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 110/ജെ1/2018/വ്യവ., തീയതി 15-3-2019)

മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചട്ടങ്ങൾ അനുസരിച്ച് പരിസ്ഥിതി സുരക്ഷ ഉറപ്പുവരുത്തിയാണ് തീരമണൽ ശേഖരിക്കുന്നത്. National Center for Earth Science Studies നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ സ്വത്തിനും തൊഴിലവസരങ്ങൾക്കും ഹാനിവരാതെ ആണ് ശേഖരണം നടക്കുന്നത്. ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകിയാണ് ഐ.ആർ.ഇ.എൽ. അനുമതി വാങ്ങിയിരിക്കുന്നത്.

ഇത് ജനപ്രതിനിധികൾ/ഉദ്യോഗസ്ഥർ തുടങ്ങിയ എല്ലാ വിഭാഗങ്ങളുമായി ചർച്ച ചെയ്ത് തയ്യാറാക്കിയ 'പ്രത്യേക പാക്കേജ് ' ആണ് നഷ്ടപരിഹാരമായി നൽകുന്നത്. മണൽ എടുത്ത ഭാഗങ്ങളിൽ മണ്ണിട്ട് നികത്തി വരുന്നുണ്ട്. കൂടാതെ, ആരോഗ്യ പരിരക്ഷ, ശുദ്ധജല വിതരണം, വിദ്യാഭ്യാസം, പ്രാദേശിക വികസനം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതാപരമായ സഹായങ്ങൾ ആലപ്പാട് ജനസമൂഹത്തിന് നൽകി വരുന്നു. ഈ ഇനത്തിൽ പ്രതിവർഷം ശരാശരി ഒരു കോടി രൂപ ഐ.ആർ.ഇ.എൽ. ചെലവാക്കിയിട്ടുണ്ട്.

(16-9-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ 6

ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വസ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകണമെന്നും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം അത് നൽകുവാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## വ്യവസായ (ജെ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 110/ജെ1/2018/വ്യവ., തീയതി 15-3-2019)

മൈനിംഗ് ലീസ് ഉടമ്പടിയിലെ വ്യവസ്ഥകളിൽ ധാതുമണൽ വേർതിരിച്ചതിനു ശേഷമുള്ള ഖനനം ചെയ്ത സ്ഥലത്ത് വേസ്റ്റ് മണൽ നിക്ഷേപിച്ച് ഖനനസ്ഥലം നികത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള നടപടികൾ കരിമണൽ ഖനനം ചെയ്യുന്ന കമ്പനികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഖനന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക്, പുനരധിവാസത്തിന് ഖനനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള കുഴികൾ മണ്ണിട്ട് പൂർവ്വസ്ഥിതിയിലാക്കി സ്ഥലത്തിന്റെ ഉടമസ്ഥർക്ക് തിരികെ നൽകുകയും കമ്പനി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന് ഉചിതമായ നഷ്ടപരിഹാരം ലഭിക്കാത്തവർക്ക് എത്രയും വേഗം ആയത് നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ 16-1-2019-ന് ചേർന്ന യോഗത്തിൽ തീരുമാനമായി.

(16-9-2021-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ 8

ആലപ്പാട് പഞ്ചായത്തിൽ ഉപ്പുവെള്ളം കയറി നശിച്ചുപോയ കൃഷിയിടങ്ങളുടെ കണക്ക് പരിശോധിക്കുകയും കൃഷിനാശം സംഭവിച്ച ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## കാർഷിക വികസന കർഷകക്ഷേമ (കൃഷി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 3260974/എജി2/2019/കൃഷി, തീയതി 11-4-2019)

കൊല്ലം ജില്ലയിൽ ആലപ്പാട് പഞ്ചായത്തിൽ കടൽവെള്ളം കയറി കൃഷി നശിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്നും കടൽവെള്ളം കയറി കൃഷി നശിച്ചാൽ നിലവിലെ മാനദണ്ഡമനുസരിച്ച് ആനുകൂല്യം അനുവദിക്കാൻ നിർവ്വാഹമില്ലെന്നും അറിയിച്ചുകൊള്ളുന്നു. കേന്ദ്ര സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ സാങ്കേതിക സമിതി കടൽവെള്ളം കയറി കൃഷി നശിച്ചാൽ ആനുകൂല്യം അനുവദിക്കുന്നതിന് ശിപാർശ ചെയ്തെങ്കിലും ഇത് കെട്ടി നിൽക്കാത്ത വെള്ളമായതിനാൽ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽ അളവ് രേഖപ്പെടുത്തുന്നതിനുള്ള സാങ്കേതികത്വം ഇല്ലാത്തതിനാൽ ടി പദ്ധതികളിൽ ആനുകൂല്യം അനുവദിക്കുവാൻ സാധിക്കുകയില്ല എന്നും അറിയിക്കുന്നു.

(1-10-2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ 9

കരിമണൽ ഖനനം നടത്തുന്ന മേഖലയെ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം പോലെ തന്നെ IREL എന്ന പൊതുമേഖലാ സ്ഥാപനത്തെ നിലനിർത്തേണ്ടതും അനിവാര്യമായതിനാൽ, അടിസ്ഥാന പ്രശ്നങ്ങളുടെ പരിഹാരമെന്ന നിലയിൽ കമ്പനിയുടെ ലാഭത്തിന്റെ ഒരു വിഹിതം ഖനനം നടത്തുന്ന മേഖലയിലെ ജനങ്ങളുടെ ഉന്നമനത്തിനായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്കായും ചെലവഴിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## വ്യവസായ (ജെ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 110/ജെ1/2018/വ്യവ., തീയതി 15-3-2019)

കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഐ.ആർ.ഇ.എൽ. 3 അംഗൻവാടികളും, ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും നടത്തുന്നു. കൂടാതെ പ്രദേശത്തെ ഗവൺമെന്റ് എൽ.പി.സ്കൂളിന് വേണ്ട സഹായം, തുടർച്ചയായുള്ള മെഡിക്കൽ ക്യാമ്പുകൾ,

വരൾച്ച സമയത്ത് കുടിവെള്ള വിതരണം, സാമൂഹ്യ കേന്ദ്രങ്ങളുടെ നിർമ്മാണം, മത്സ്യബന്ധന വല നന്നാക്കുവാനുള്ള സ്ഥലസൗകര്യം ഒരുക്കൽ എന്നീ പ്രവർത്തനങ്ങളും ഐ.ആർ.ഇ.എൽ. ഏറ്റെടുത്ത് നടത്തിവരുന്നു. റോഡുകൾ, ജലപാത, തെരുവുവിളക്കുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണവും അറ്റകുറ്റപണികളും ഐ.ആർ.ഇ.എൽ. നടത്തിവരുന്നുണ്ട്.

ഐ.ആർ.ഇ.എൽ. എല്ലാ വർഷവും 30% റോയൽറ്റി ഖനനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മൂലം ബാധിക്കപ്പെട്ട പ്രദേശവാസികളുടെ ഉന്നമനത്തിനായി 2015-ലെ MCDR Act പ്രകാരം രൂപീകരിച്ച ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷനു നൽകുന്നുണ്ട്. കൂടാതെ എല്ലാ വർഷവും ജില്ലാ കളക്ടറുടെ ഖനന മേഖലാ വെൽഫയർ ഫണ്ടിലേക്ക് ഐ.ആർ.ഇ.എൽ. 37.5 ലക്ഷം രൂപ നൽകുന്നുണ്ട്.

(16-9-2021-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധിക വിവരം</u>

ഐ.ആർ.ഇ.എൽ. ജില്ലാ കളക്ടറുടെ ഖനന മേഖലാ വെൽഫയർ ഫണ്ടിലേക്ക് നൽകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട 37.50 ലക്ഷം രൂപ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിക്കുന്നത് എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽ നിന്നും വിശദീകരണം ആരായാൻ തീരുമാനിച്ചു.

<u>ശിപാർശ 10</u>

മണൽ ഖനനം നടക്കുന്ന സ്ഥലത്തെ ഭൂവിസ്തൃതി നഷ്ടപ്പെടാതിരിക്കുന്നതിനും കടൽവെള്ളം കയറി കൃഷിനാശം സംഭവിക്കാതിരിക്കുന്നതിനും ശാസ്ത്രീയപഠനം നടത്തി അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ REV-P2/236/2018-REV., തീയതി 15-10-2019)

ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ശാസ്ത്രീയപഠനം നടത്തുന്നതിന് നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) എന്ന സ്ഥാപനത്തെ 16-1-2019-ൽ ബഹു. മുഖ്യമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം നിയമിച്ചിട്ടുണ്ട്. ടി പഠന റിപ്പോർട്ട് വ്യവസായ വകുപ്പിനാണ് NCESS സമർപ്പിക്കുന്നത്. ടി വിവരം സമിതിയുടെ അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

(9-1-2020-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## അദ്ധ്യായം III

## നടപടി റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത ശിപാർശകൾ സംബന്ധിച്ച വിശദാംശങ്ങൾ

### മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്

#### ശിപാർശ 2

ആലപ്പാട് മേഖലയിൽ കരിമണൽ ഖനനത്തിന് അനുമതി നൽകിയപ്പോൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നിർദ്ദേശിച്ച എല്ലാ വ്യവസ്ഥകളും ബന്ധപ്പെട്ട കമ്പനികൾ നിർബന്ധമായും പാലിക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകൾ ഇത് കൃത്യമായി നിരീക്ഷിക്കണമെന്നും, ഖനനം നടന്ന പ്രദേശങ്ങളിൽ കടലാക്രമണമുണ്ടാകാതിരിക്കാനുള്ള പുലിമുട്ട് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### ജലവിഭവ വകുപ്പ്

#### ശിപാർശ 7

കരിമണൽ ഖനനം നടന്ന ഭാഗത്തെ മണ്ണൊലിപ്പ് തടയുന്നതിന് ജലവിഭവ വകുപ്പുമായി ചേർന്ന് നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിക്കണമെന്നും പരിസ്ഥിതി നാശം സംഭവിച്ചിട്ടുള്ള പ്രദേശങ്ങളിൽ കണ്ടൽവനങ്ങളും ജലസ്രോതസ്സുകളും പുനഃസൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### വ്യവസായ വകുപ്പ്

#### ശിപാർശ 11

കരിമണൽ ഖനനം മൂലം ഭൂമി, തൊഴിൽ, വാസസ്ഥലം എന്നിവ നഷ്ടപ്പെട്ട ആലപ്പാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനായി സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## അദ്ധ്യായം IV

## സമിതിയുടെ തുടർശിപാർശകൾ

1. ആലപ്പാട് മേഖലയിൽ കരിമണൽ ഖനനത്തിന് അനുമതി നൽകിയപ്പോൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നിർദ്ദേശിച്ച എല്ലാ വ്യവസ്ഥകളും ബന്ധപ്പെട്ട കമ്പനികൾ നിർബന്ധമായും പാലിക്കണമെന്നും ബന്ധപ്പെട്ട വകുപ്പുകൾ ഇത് കൃത്യമായി നിരീക്ഷിക്കണമെന്നും, ഖനനം നടന്ന പ്രദേശങ്ങളിൽ കടലാക്രമണമുണ്ടാകാതിരിക്കാനുള്ള പുലിമുട്ട് സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സംവിധാനങ്ങൾ മത്സ്യബന്ധന തുറമുഖ വകുപ്പ് നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. കരിമണൽ ഖനനം നടന്ന ഭാഗത്തെ മണ്ണൊലിപ്പ് തടയുന്നതിന് ജലവിഭവ വകുപ്പുമായി ചേർന്ന് നടത്താൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതി എത്രയും വേഗം പൂർത്തീകരിക്കണമെന്നും പരിസ്ഥിതി നാശം സംഭവിച്ചിട്ടുള്ള പ്രദേശങ്ങളിൽ കണ്ടൽവനങ്ങളും ജലസ്രോതസ്സുകളും പുനഃസൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും ജലവിഭവ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

3. കരിമണൽ ഖനനംമൂലം ഭൂമി, തൊഴിൽ, വാസസ്ഥലം എന്നിവ നഷ്ടപ്പെട്ട ആലപ്പാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളുടെ പുനരുദ്ധാരണത്തിനായി സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് വ്യവസായ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

4. കരിമണൽ ഖനനം നിരീക്ഷിക്കുന്നതിനായി ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ സർക്കാർ നിയോഗിച്ച സമിതിയിൽ പരിസ്ഥിതി പ്രവർത്തകരെ ഉൾപ്പെടുത്തിയിട്ടില്ലെന്നതിനാൽ പ്രസ്തുത സമിതിയിൽ വിഷയവിദഗ്ദ്ധനായ ഒരു സ്വതന്ത്ര പരിസ്ഥിതി പ്രവർത്തകനെ കൂടി ഉൾപ്പെടുത്താൻ വ്യവസായ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

5. ഖനന പ്രദേശത്തെ ഭൂവിസ്തൃതി കുറയുന്നത് ഒഴിവാക്കാൻ ആറ് മാസത്തെ ഇടവേള നൽകി മാത്രമേ സീവാഷിംഗ് നടത്താവൂ എന്ന് കമ്പനിയുമായി വ്യക്തമായ വ്യവസ്ഥ ഉള്ളതായി പറയാത്തതിനാൽ ആയതിന്മേൽ നടപടി സ്വീകരിക്കുവാൻ വ്യവസായ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

6. ഐ.ആർ.ഇ.എൽ. ജില്ലാ കളക്ടറുടെ ഖനന മേഖലാ വെൽഫയർ ഫണ്ടിലേക്ക് നൽകുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട 37.50 ലക്ഷം രൂപ എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിക്കുന്നത് എന്നത് സംബന്ധിച്ച് വ്യവസായ വകുപ്പ് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഇ. കെ. വിജയൻ,**

*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച കമ്മിറ്റി.*

തിരുവനന്തപുരം,
2021 നവംബർ 3.